(കാലിക്കറ്റ് യൂണിവേഴ്സിറ്റി എഞ്ചിനീയറിംഗ് വിഭാഗം, ഫോൺ-0494-2407301, 302, 303)

No.208856/ENG. DIV-ASST-ENG-CIVIL-5/2026/Admn Dated.28.09.2026

**ഉപയോഗ ശൂന്യമായ സാധനങ്ങളുടെ ലേലം/ ദർഘാസ് പരസ്യം**

കാലിക്കറ്റ് സർവകലാശാലയുടെ ജല ശുദ്ധീകരണ പ്ലാന്റിലും ജലവിതരണ സ്റ്റോറിലുമുള്ള ഉപയോഗ ശൂന്യമായ സാധനങ്ങൾ ലേലം നടത്തുന്നു. സാധനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| Sl. No | No/ Quantity | Description of Articles |
|---|---|---|
| 1 | 26 kg | CP Brass |
| 2 | 11 kg | Nylon connection |
| 3 | 40.70 kg | Plastic tap, shower, flush tank, seat cover, Nickel coated plastic |
| 4 | 35 kg | PVC pipes |
| 5 | 1.500 kg | Kitchen sink (steel) |
| 6 | 34 kg | CI float valve and valve head |
| 7 | 66 kg | Submersible pump |

ക്വട്ടേഷനൊടൊപ്പം തിരിച്ചറിയൽ കാർഡിന്റെ/ പാൻകാർഡിന്റെ കോപ്പിയും നിരതദ്രവ്യമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (സിവിൽ), കാലിക്കറ്റ് യൂണിവേഴ്സിറ്റി എന്നപേരിൽ എടുത്ത **1,000/- (ആയിരം രൂപ മാത്രം) രൂപ**യുടെ ഡിമാന്റ്ഡ്രാഫ്റ്റും അടക്കം ചെയ്യേണ്ടതുമാണ്. ക്വട്ടേഷനുകൾ **06.10.2026** ചൊവ്വാഴ്ച്ച **3 മണിക്ക്** മുൻപ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ -3 (സിവിൽ), കാലിക്കറ്റ് യൂണിവേഴ്സിറ്റി, പിൻ- 673635 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ലേലം അന്നേ ദിവസം **3.30 മണിക്ക്** എഞ്ചിനീയറിംഗ് വിഭാഗത്തിൽ വെച്ച് നടക്കുന്നതാണ്. ലേലത്തിന് ശേഷം ക്വട്ടേഷൻ തുറന്ന് ലേലത്തിന്റെയും ക്വട്ടേഷനുകളിലെയും ഉയർന്ന വില താരതമ്യം ചെയ്ത് കൂടിയ വിലക്ക് വിൽപ്പന ഉറപ്പിക്കുന്നതുതാണ്.

ദർഘാസുകൾ സമർപ്പിക്കുന്നതിന് / ലേലത്തിൽ പങ്കെടുക്കുന്നതിന് മുൻപ് വില്പനയ്ക്കുവെച്ച സാധനങ്ങളുടെ നിലവിലെ സ്ഥിതിയും തൂക്കവും നിർബന്ധമായും പരിശോധിച്ച് ബോധ്യപ്പെടേണ്ടതാണ്. ദർഘാസുകൾ തുറന്നതിനു ശേഷം/ ലേലം കഴിഞ്ഞതിനു ശേഷം ഇത് സംബന്ധിച്ച യാതൊരു പരാതിയും പരിഗണിക്കുന്നതല്ല.

ക്വട്ടേഷൻ/ലേലം ലഭിക്കുന്നയാൾ ക്വട്ടേഷൻ തുകയോടൊപ്പം ബന്ധപ്പെട്ട എല്ലാ നികുതികളും അടവാക്കേണ്ടതും ഉത്തരവുകൈപ്പറ്റി 10 ദിവസത്തിനകം, പ്രവൃത്തിദിവസങ്ങളിൽ, രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെയുള്ള സമയങ്ങളിൽ സാധനങ്ങൾ നീക്കം ചെയ്യേണ്ടതുമാണ്. യൂണിവേഴ്സിറ്റി കെട്ടിടങ്ങൾക്കോ മറ്റുവസ്തുവകകൾക്കോ യാതൊരുവിധ നഷ്ടങ്ങളും വരാതെ നോക്കേണ്ടതും ഇതിൽ വീഴ്ച വരുത്തുന്നപക്ഷം ക്വട്ടേഷൻ ലഭിച്ചയാളിൽനിന്നും നഷ്ടം വസൂലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തിദിവസങ്ങളിൽ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ- 3 (സിവിൽ)മായി ബന്ധപ്പെടേണ്ടതാണ്. യാതൊരുകാരണവും കൂടാതെ ഏതൊരു ക്വട്ടേഷനും നിരസിക്കുന്നതിനും ലേലം റദ്ദാക്കുന്നതിനുമുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ലേലം/ ക്വട്ടേഷനുകളെ സംബന്ധിച്ചുള്ള അന്തിമ തീരുമാനം യൂണിവേഴ്സിറ്റി അധികൃതരിൽ നിക്ഷിപ്തമാണ്.

Johny Varghese
Assistant Exe. Engineer

**നോട്ടീസ് ബോർഡ്, - എഞ്ചിനീയറിംഗ് വിഭാഗം, പരീക്ഷഭവൻ, അഡ്മിനിസ്ട്രേഷൻ**

പഞ്ചായത്ത്, വില്ലേജ് ഓഫീസ്:- തേഞ്ഞിപ്പാലം, ചേലേമ്പ്ര, പള്ളിക്കൽ